REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-07-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **കേന്ദ്രമന്ത്രി ധർമേന്ദ്രപ്രധാന്റെ രാജി രാഷ്ട്രപതി ദ്രൗപതി മുർമു അംഗീകരിച്ചു. പ്രൽഹാദ് ജോഷി പുതിയ വിദ്യഭ്യാസമന്ത്രി.**
- **പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കി ബാത്ത്' രാവിലെ 11 ന്.**
- **ഇന്ന് 27-ാമത് കാർഗിൽ വിജയ് ദിവസ്.**
- **മെഡിക്കൽ കോളജുകളിലെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുമെന്ന് മന്ത്രി K മുരളീധരൻ.**
- **പൊതുവിദ്യാലയങ്ങളിൽ IT പഠനം പരിഷ്ക്കരിക്കുമെന്ന് മന്ത്രി N ഷംസുദ്ദീൻ.**
- **ഇന്ത്യാ - സിംബാബ്‌വെ മൂന്ന് മത്സര ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യക്ക് തകർപ്പൻ ജയം**

## വാർത്തകൾ വിശദമായി

കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാന്റെ രാജി രാഷ്ട്രപതി ദ്രൗപതി മുർമു അംഗീകരിച്ചു. പ്രൽഹാദ് ജോഷി പുതിയ വിദ്യഭ്യാസമന്ത്രിയാകും. ഉപഭോക്തൃകാര്യം, ഭക്ഷ്യ-പൊതുവിതരണം, നവ പുനരുപയോഗ ഊർജ്ജം എന്നീ വകുപ്പുകളുടെ മന്ത്രിയാണ് അദ്ദേഹം. ഇതിനു പുറമെയാണ് വിദ്യാഭ്യാസ വകുപ്പിന്റെ അധിക ചുമതല നൽകിയത്.

നീറ്റ് പരീക്ഷാ ചോദ്യപ്പേപ്പർ ചോർച്ചയിൽ ഉത്തരവാദിത്തമേറ്റെടുത്ത് ധർമേന്ദ്ര പ്രധാൻ രാജി വെക്കണമെന്ന് ആവശ്യപ്പെട്ട് ജന്തർമന്ദറിൽ CJP നേതൃത്വത്തിൽ നടത്തി വന്ന സമരം ഇന്നലെ അവസാനിച്ചു.

✪✪✪

2026 ലെ പൊതു പരീക്ഷാ അന്യായ മാർഗ്ഗങ്ങൾ തടയൽ ഭേദഗതി ബിൽ ഗവൺമെന്റ് നാളെ ലോക്സഭയിൽ അവതരിപ്പിക്കും. കേന്ദ്രമന്ത്രി ഡോ. ജിതേന്ദ്രസിംഗാണ് ബിൽ അവതരിപ്പിക്കുക. 2024 ലെ നിയമം ഭേദഗതി ചെയ്യുന്നതിനാണ് ബിൽ ലക്ഷ്യമിടുന്നത്. പരീക്ഷാ ചോദ്യപ്പേപ്പർ ചോർച്ച, പരീക്ഷാ ക്രമക്കേടുകൾ എന്നിവയിൽ കർശനമായ ശിക്ഷ ഉറപ്പാക്കാനും അതിവേഗ കോടതികൾ സ്ഥാപിക്കാനും കരട് ബില്ലിന് വെള്ളിയാഴ്ച കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകിയിരുന്നു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കി ബാത്ത്' രാവിലെ 11 ന് ആകാശവാണിയിൽ പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 136-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും മുഴുവൻ ശൃംഖലകളിലും, ഓൾ ഇന്ത്യ റേഡിയോ ന്യൂസ് വെബ്സൈറ്റിലും, ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പിലും പരിപാടി ലഭ്യമാകും. ഹിന്ദി പ്രക്ഷേപണം കഴിഞ്ഞാലുടൻ പ്രാദേശിക ഭാഷയിലും മൻ കി ബാത്ത് കേൾക്കാം.

✪✪✪

'വികസിത് വൈബ്രന്റ് വില്ലേജ് പരിപാടിയിൽ പങ്കെടുക്കുന്ന യുവജനങ്ങളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി വൈകിട്ട് വീഡിയോ കോൺഫറൻസിംഗിലൂടെ സംവദിക്കും. എല്ലാ സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും പ്രതിനിധീകരിച്ച 400-ലധികം യുവാക്കളുമായാണ് പ്രധാനമന്ത്രി സംവദിക്കുക. മൂന്ന് ലക്ഷത്തിലധികം യുവാക്കളുടെ പങ്കാളിത്തത്തോടെ രാജ്യവ്യാപകമായി നടത്തിയ ഓൺലൈൻ ക്വിസ് മത്സരത്തിലൂടെയാണ് യുവാക്കളെ തെരഞ്ഞെടുത്തത്.

രാജ്യത്തിന്റെ അതിർത്തി ഗ്രാമങ്ങളെ ഇന്ത്യയുടെ 'പ്രഥമ ഗ്രാമങ്ങളായി' പരിഗണിക്കാനും, വികസിത ഭാരതമെന്ന ലക്ഷ്യത്തിലേക്ക് യാത്രയിൽ അവരെ പങ്കാളികളാക്കാനും ലക്ഷ്യത്തോടെ 'മൈ ഭാരത്' ആണ് പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

ഇന്ന് 27-ാമത് കാർഗിൽ വിജയ് ദിവസ്. 1999-ലെ കാർഗിൽ യുദ്ധത്തിൽ വീരമൃത്യു വരിച്ച സൈനികരുടെ ധീരതയെയും പരമ ത്യാഗത്തെയും ആദരിക്കുന്നതിനാണ് എല്ലാ വർഷവും ജൂലൈ 26 കാർഗിൽ വിജയ് ദിവസമായി ആചരിക്കുന്നത്.

ദ്രാസ്സിലെ കാർഗിൽ യുദ്ധ സ്മാരകത്തിൽ ഇന്നത്തെ പ്രധാന ചടങ്ങിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് മുഖ്യാതിഥിയായി പങ്കെടുക്കും. വീരമൃത്യു വരിച്ച സൈനികരുടെ സ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ച് ധീര യോദ്ധാക്കൾക്ക് അദ്ദേഹം ആദരാഞ്ജലി അർപ്പിക്കും. വീരനാരിമാരുമായും വീരമാതാക്കളുമായും സംവദിക്കുന്ന കേന്ദ്രമന്ത്രി 'വെർച്വൽ വാക്ക്-ത്രൂ പോർട്ടൽ' ഉദ്ഘാടനം ചെയ്യും. കാർഗിൽ യുദ്ധ സ്മാരകത്തിലെ 'ശൗര്യ സന്ധ്യ' ചടങ്ങോടെ, കാർഗിൽ വിജയ് ദിവസ് അനുസ്മരണ പരിപാടികൾക്ക് ഇന്നലെ തുടക്കമായിരുന്നു.

✪✪✪

പുരാതന ബൗദ്ധ തീർത്ഥാടന കേന്ദ്രമായ സാരാനാഥ് യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഇടം നേടി. റിപ്പബ്ലിക് ഓഫ് കൊറിയയിലെ ബുസാനിൽ 48-ാമത് ലോക പൈതൃക സമിതി യോഗത്തിലാണ് പ്രഖ്യാപനം ഉണ്ടായത്. ഇതോടെ, ഇന്ത്യയിലെ യുനെസ്കോ പൈതൃക കേന്ദ്രങ്ങളുടെ എണ്ണം 45 ആയി ഉയർന്നു. ഉത്തർപ്രദേശിലെ വാരണാസിക്ക് സമീപത്തെ സാരാനാഥ്, ബുദ്ധമതത്തിലെ നാല് തീർത്ഥാടന കേന്ദ്രങ്ങളിൽ ഒന്നാണ്.

സാരാനാഥിന്റെ ഈ നേട്ടം ഓരോ ഇന്ത്യക്കാരനും അഭിമാന നിമിഷമാണെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്ത് എന്നിവർ പറഞ്ഞു. ബുദ്ധന്റെ സമാധാനത്തിന്റെയും കരുണയുടെയും സന്ദേശം കൂടുതൽ ആളുകളിലേക്ക് എത്തിക്കാനും ആഗോളതലത്തിൽ സഞ്ചാരികളെ ആകർഷിക്കാനും അന്താരാഷ്ട്ര അംഗീകാരം സഹായിക്കുമെന്ന് അവർ അഭിപ്രായപ്പെട്ടു.

✪✪✪

മെഡിക്കൽ കോളജുകളിലെ ഡോക്ടർമാരുടേതുൾപ്പെടെ ഒഴിവുകൾ നികത്തുമെന്ന് മന്ത്രി K മുരളീധരൻ പറഞ്ഞു. കായകൽപ്പം ജനസമ്പർക്കപരിപാടിയുടെ ഭാഗമായി കോട്ടയം മെഡിക്കൽ കോളജിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഒഴിവുകൾ റിപ്പോർട്ടു ചെയ്യാൻ വകുപ്പ് മേധാവികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. PSC വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ മാത്രമേ നിയമനം നടത്തൂവെന്നും ദിവസവേതനക്കാരെ നിയമിക്കില്ലെന്നും മന്ത്രി അറിയിച്ചു. നിയമനങ്ങളിൽ സുതാര്യത ഉറപ്പു വരുത്തുമെന്നും മുരളീധരൻ വ്യക്തമാക്കി.

സംസ്ഥാനത്ത് സീനിയർ റസിഡന്റ് ഡോക്ടർമാരുടെ 500 അധിക തസ്തിക സൃഷ്ടിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും രോഗികൾക്ക് ഇൻഷുറൻസ് സേവനം ഉറപ്പാക്കാൻ നടപടിയെടുക്കുമെന്നും K മുരളീധരൻ പറഞ്ഞു.

പാലിയേറ്റീവ് കെയറിനായി പ്രത്യേക വകുപ്പ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമെന്നും അദ്ദേഹം അറിയിച്ചു..

✪✪✪

നിർമിത ബുദ്ധി സാങ്കേതികമേഖലയിൽ കാലാനുസൃതമായി വരുത്തുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പൊതുവിദ്യാലയങ്ങളിൽ IT പഠനവും പരിഷ്ക്കരിക്കുമെന്ന് മന്ത്രി N ഷംസുദ്ദീൻ അറിയിച്ചു. കൈറ്റ് മുഖേന നടപ്പാക്കുന്ന 'ഡിജിറ്റൽ സ്ക്വയർ' സംസ്ഥാനതല പദ്ധതിയും പ്രൈമറി സ്കൂൾ പ്രഥമാധ്യാപകരുടെ ശിൽപശാലയും കൊല്ലത്ത് ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

പാക് അധിനിവേശ കാശ്മീരിൽ പാക്കിസ്ഥാൻ അധികൃതർ ഏർപ്പെടുത്തിയ ആശയവിനിമയ തടസ്സങ്ങൾ, ഏകപക്ഷീയ അറസ്റ്റുകൾ, സഞ്ചാര വിലക്കുകൾ എന്നിവയിൽ അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടന ആംനസ്റ്റി ഇന്റർനാഷണൽ ആശങ്ക രേഖപ്പെടുത്തി. അഭിപ്രായ സ്വാതന്ത്ര്യം, സമാധാനപരമായ ഒത്തുചേരൽ, സംഘടിക്കാൻ അവകാശം എന്നിവയിൽ ഇത് ഗുരുതരമായ ആശങ്കകൾ ഉയർത്തുന്നതായി സംഘടന മുന്നറിയിപ്പ് നൽകി.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നൂറുദിന കർമപരിപാടിയുടെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികളിൽ ആദ്യ ലക്ഷ്യത്തിൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് നേട്ടം കൈവരിച്ചതായി മന്ത്രി അനൂപ് ജേക്കബ് പറഞ്ഞു. അരലക്ഷം മുൻഗണന റേഷൻകാർഡുകൾ നൽകാനാണു ലക്ഷ്യമിട്ടതെങ്കിലും 73,024 അപേക്ഷകൾ അംഗീകരിച്ചതായി മന്ത്രി അറിയിച്ചു. 76,338 അപേക്ഷകളാണു ലഭിച്ചത്. പുതിയ മുൻഗണനാ കാർഡുകാർക്ക് അടുത്തമാസം മുതൽ സൗജന്യ റേഷൻ നൽകുമെന്നും പദ്ധതി മുഖ്യമന്ത്രി VD സതീശൻ ഉദ്ഘാടനം ചെയ്യുമെന്നും മന്ത്രി അറിയിച്ചു.

അടുത്തമാസം ഒന്നു മുതൽ എല്ലാ റേഷൻ കടകളിലും മണ്ണെണ്ണ ഉറപ്പുവരുത്താൻ നിർദ്ദേശിച്ചതായും മന്ത്രി പറഞ്ഞു.

✪✪✪

കണ്ണൂർ ആറളം ഫാമിലും പുനരധിവാസ മേഖലയിലും ഭീതി പരത്തുന്ന കെ.എം.വൺ എന്ന മോഴയാനയെ മയക്കുവെടിവച്ച് പിടികൂടുന്നതിന് ഗവൺമെന്റ് ഉത്തരവിട്ടതായി മന്ത്രി സണ്ണി ജോസഫ് അറിയിച്ചു. റേഡിയോ

കോളർ ഘടിപ്പിച്ച ശേഷം സ്വാഭാവിക ആവാസ വ്യവസ്ഥയിലേക്ക് ആനയെ മാറ്റും.

കൂടുതൽ വിവരങ്ങളുമായി ജില്ലാ പ്രതിനിധി KO ശശിധരൻ..

...........വോയ്സ്.........

2008 മുതൽ ആറളം മേഖലയിലേക്ക് ഇറങ്ങുന്ന ആനക്കൂട്ടത്തിലെ ഏറ്റവും വലിയ മോഴയാനയാണ് KM1 . ആറളം ഫാമിലെ ജനവാസ മേഖലയിൽ സ്ഥിരമായെത്തി നാശനഷ്ടങ്ങൾ ഉണ്ടാക്കുന്ന ആനയാണിത് . വനാതിർത്തിയിൽ സ്ഥാപിച്ചിട്ടുള്ള വിവിധ പ്രതിരോധ സംവിധാനങ്ങൾ തകർത്താണ് KM1 ജനവാസ മേഖലയിലേക്ക് കടക്കുന്നതെന്നും പ്രകോപനങ്ങളൊന്നുമില്ലാതെ വീടുകൾക്കും കൃഷിയിടങ്ങൾക്കും വ്യാപക നാശം വരുത്തുന്നതും വാഹനങ്ങളെ ആക്രമിക്കുന്നതും ആനയുടെ പതിവ് സ്വഭാവമായി മാറിയിട്ടുണ്ടെന്നും വനം വകുപ്പിന്റെ റിപ്പോർട്ടിലുണ്ട്..

കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ എല്ലാ മാർഗനിർദേശങ്ങളും പാലിച്ചായിരിക്കും ദൗത്യം നടപ്പാക്കുക. ആനയ്ക്ക് അമിത സമ്മർദ്ദം ഉണ്ടാകാത്ത വിധം റേഡിയോ കോളർ ഘടിപ്പിച്ച് തുടർ നിരീക്ഷണവും ഉറപ്പാക്കും. നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ദൌത്യത്തിന് മേൽനോട്ടം വഹിക്കും. ഏകോപനവും തുടർ നടപടികളും കണ്ണൂർ ഡിഎഫ്ഒ നിർവഹിക്കും

✪✪✪

സംസ്ഥാനത്ത് നാളെ വരെ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. നാളെ ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശമുണ്ട്. വടക്കു-പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിലും, പശ്ചിമ ബംഗാൾ - വടക്കൻ ഒഡീഷ തീരങ്ങൾക്കും മുകളിലായി ന്യൂനമർദ്ദം രൂപപ്പെട്ടിട്ടുണ്ട്. വരും ദിവസങ്ങളിൽ ഇത് കൂടുതൽ ശക്തി പ്രാപിക്കാൻ സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

കണ്ണൂർ പയ്യന്നൂരിൽ 21-ാമത് തുരീയം സംഗീതോത്സവം ഇന്ന് സമാപിക്കും. പഞ്ചരത്ന കീർത്താനാലാപന ത്തോടെയാണ് സമാപനം. വൈകിട്ട് ഹിന്ദുസ്ഥാന ജുഗൽബന്ദി അരങ്ങേറും. തുടർന്ന് സമാപന പരിപാടിയിൽ പണ്ഡിറ്റ് ഹരിപ്രസാദ് ചൗരസ്യ മുഖ്യാതിഥിയാകും.

✪✪✪

ഇന്ത്യാ - സിംബാബ്‌വെ മൂന്ന് മത്സര ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യക്ക് തകർപ്പൻ ജയം. ഹരാരെയിൽ 90 റൺസിനാണ് ഇന്ത്യ സിംബാബ്‌വെയെ പരാജയപ്പെടുത്തിയത്. ജയത്തോടെ 2-0 ത്തിന് ഇന്ത്യ പരമ്പര സ്വന്തമാക്കി.

✪✪✪

കാഞ്ഞങ്ങാട് മഞ്ഞംപൊതിക്കുന്ന് ടൂറിസം പദ്ധതി നവംബറിൽ വിനോദ സഞ്ചാരികൾക്ക് തുറന്നു കൊടുക്കുമെന്ന് കാസർകോട് ജില്ലാ കലക്ടർ അർജ്ജുൻ പാണ്ഡ്യൻ പറഞ്ഞു. മഞ്ഞംപൊതിക്കുന്ന് സന്ദർശിച്ച കലക്ടർ ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർക്ക് ഇതിനാവശ്യമായ നിർദേശങ്ങൾ നൽകി.

കാസർകോട്ട് നിന്ന് P ജഗന്നിവാസൻ...

.............വോയ്സ്..............

✪✪✪

നീലേശ്വരത്തെ സാംസ്കാരിക പൈതൃക നഗരമായി പ്രഖ്യാപിക്കണമെന്ന് രാജ്മോഹൻ ഉണ്ണിത്താൻ MP ആവശ്യപ്പെട്ടു. ഗ്രാമത്തിന്റെ തനിമയും നഗരത്തുടിപ്പിന്റെ പുതുമയും നീലേശ്വരത്തിന്റെ ചരിത്ര സാംസ്കാരിക പാരമ്പര്യവും കണക്കിലെടുത്ത് നഗരത്തെ ജില്ലയുടെ സാംസ്കാരിക പൈതൃക നഗരമായി പ്രഖ്യാപിക്കണമെന്ന് MP നിർദ്ദേശിച്ചു.

✪✪✪

കോഴിക്കോട് ജില്ലയിലെ വികസന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് ജില്ലാ വികസന സമിതി യോഗത്തിൽ MLA മാർ ആവശ്യപ്പെട്ടു. പ്രവൃത്തികൾ പലതും സാങ്കേതിക കുരുക്കുകളിൽപെട്ട് വൈകു കയാണെന്നും പരിഹരിക്കാൻ നടപടി വേണമെന്നും ആവശ്യമുയർന്നു. യോഗത്തിൽ ജില്ലാ കലക്ടർ MS മാധവിക്കുട്ടി അധ്യക്ഷയായി.

✪✪✪

രാജ്യാന്തര വൈറ്റ് വാട്ടർ കയാക്കിങ് ചാമ്പ്യൻഷിപ്പിന്റെ ഭാഗമായി കോഴിക്കോട് കോടഞ്ചേരി ഗ്രാമപഞ്ചായത്ത് ഗ്രാമീണ ടൂറിസം സെമിനാർ സംഘടിപ്പിക്കും. മറ്റന്നാൾ രാവിലെ രാജീവ് ഗാന്ധി ഓഡിറ്റോറിയത്തിൽ സെമിനാർ CK കാസിം MLA ഉദ്ഘാടനം ചെയ്യും.

ഉത്തരവാദിത്ത ടൂറിസം, അഡ്വഞ്ചർ ടൂറിസം സാധ്യതകൾ, ഹോംസ്റ്റേ ഫാം ടൂറിസം സാധ്യതകൾ എന്നീ വിഷയങ്ങളിൽ ക്ലാസുകൾ ഉണ്ടാകും.

✪✪✪

മലബാർ റിവർ ഫെസ്റ്റിവലിന്റെ പ്രചാരണാർഥം ഓമശ്ശേരി ഗ്രാമപഞ്ചായത്തും സമീക്ഷ ഓമശ്ശേരിയും ചേർന്ന് സംഘടിപ്പിച്ച മഡ് ഫുട്ബോൾ മത്സരവും മീൻ ചവിട്ടിപ്പിടിത്തവും ആവേശമായി. സമാപന സമ്മേളനം CK കാസിം MLA ഉദ്ഘാടനം ചെയ്തു.

✪✪✪

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിനു കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ ഖാദി ഷോറൂമുകളിൽ ഓണം വിൽപനയുടെ ഭാഗമായി വസ്ത്രങ്ങൾക്ക് 30 ശതമാനം റിബേറ്റ് ലഭിക്കും. ജൂലൈ 23 മുതൽ ആഗസ്റ്റ് 25 വരെയാണ് റിബേറ്റ്.

ഗവൺമെന്റ് അർധ-ഗവൺമെന്റ്, ബാങ്ക്, മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർക്ക് ഒരു ലക്ഷം വരെ പർച്ചേസിന് പലിശരഹിത ക്രെഡിറ്റ് സൗകര്യവുമുണ്ട്. ഓണക്കാലത്ത് ഓരോ 1000 രൂപയുടെ പർച്ചേസിനും ഗിഫ്റ്റ് കൂപ്പൺ വഴി ആകർഷകമായ സമ്മാനങ്ങളുമുണ്ടാകും.

ഓണം കാലയളവിൽ പൊതുഅവധി ദിനങ്ങളിലും ഞായറാഴ്ചകളിലും ഖാദി ബോർഡിന്റെ ഷോറൂമുകൾ തുറന്നുപ്രവർത്തിക്കും.

✪✪✪

*News Editor & News Reader: വി കെ സുരേഷ്*
*News Team: രജിന കെ, അൻഷ കരീം*
*DEO: സി കെ സുബോധ്*